# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T2743
**12.10.2011 - ലെ മറുപടിയ്ക്ക്**

**യുവജനങ്ങൾക്കുവേണ്ടിയുള്ള തൊഴിൽദാന പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th>മറുപടി</th></tr>
<tr><td colspan="2">ശ്രീ. അബ്ദുറഹിമാൻ<br>രണ്ടത്താണി</td><td>ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി</td></tr>
<tr><td>എ)</td><td>പ്രതിവർഷം ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്ന തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏതുഘട്ടത്തിലാണ്;</td><td rowspan="3">500 കോടി രൂപ മുതൽ മുടക്കിൽ 1 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തൊഴിൽദാന പരിപാടിയായ "കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ" ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2000 കോടിയോളം രൂപയുടെ അടങ്കലുള്ള ഒരു പദ്ധതിയായാണ് ബഡ്ജറ്റിൽ ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ടി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നകാര്യം പരിശോധിച്ചു വരികയാണ്. പൊതുമേഖല സ്വകാര്യ മേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ (P-P-P-P Model)ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനായിരിക്കും ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, എന്റർപ്രിണേറിയൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുള്ള പരിശീലന പരിപാടികളിലൂടെ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരെ മികച്ച സംരംഭകരാക്കാൻ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിക്കുന്നു. പരിശീലനം ലഭിച്ച അഞ്ചിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് പതിനായിരത്തോളം</td></tr>
<tr><td>ബി)</td><td>പദ്ധതി എന്നു മുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; കേന്ദ്ര സഹായമോ നബാർഡ് പോലുള്ള ഏജൻസികളുടെ സഹായമോ ഈ പദ്ധതിക്ക് ലഭ്യമാക്കുമോ;</td></tr>
<tr><td>സി)</td><td>സർക്കാർ വായ്പയും പരിശീലനവും നൽകി സ്വയം തൊഴിൽ കണ്ടെത്തുന്ന രീതിയിലായിരിക്കുമോ പദ്ധതി നടപ്പാക്കുക; വിശദാംശങ്ങൾ നൽകുമോ;</td></tr>
</table>

| | | |
|---|---|---|
| ഇ) | പദ്ധതിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പേര് എന്താണ്; | ചെറുകിട - മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക് പ്രോജക്റ്റ് കോസ്റ്റിന്റെ 90% തുക പലിശ രഹിത വായ്പയായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻപ്രകാരം യുവസംരംഭകരുടെ വ്യാവസായിക സംഘങ്ങൾക്ക് 20 ലക്ഷം രൂപ വരെയും സംഘാംഗങ്ങളല്ലാത്ത ടെക്നോക്രാറ്റുകളായ വ്യക്തികൾക്ക് 10 ലക്ഷം രൂപ വരെയും വായ്പ നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നു. |
| ഡി) | പദ്ധതിയുടെ നടത്തിപ്പിനായി ഒരു കമ്മീഷനും ഡയറക്ടറേറ്റിനും രൂപം നൽകുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇപ്പോൾ പരിഗണനയിലില്ല. |

**അക്കൗണ്ട്സ് ഓഫീസർ**